**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 93** **14-03-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഏകോപനത്തിനും സമയബന്ധിതമായ അവലോകനത്തിനുമായി പുതിയതായി രൂപീകരിച്ചിട്ടുള്ള കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീമിന്റെ ഘടനയും പ്രവർത്തനരീതിയും വിശദമാക്കുമോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികളുടെ ഏകോപനത്തിനും സമയബന്ധിതമായ അവലോകനത്തിനുമായി ഉന്നത ഉദ്യോഗസ്ഥർക്ക് നിയമസഭാമണ്ഡലാടിസ്ഥാനത്തിൽ ചുമതലകൾ നൽകണമെന്നത് ദീർഘകാലത്തെ ആവശ്യമായിരുന്നു. ഇപ്പോൾ ഇങ്ങനെ ഉന്നത ഉദ്യോഗസ്ഥന് ചുമതല നൽകി പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും പരിപാലനം ഉറപ്പ് വരുത്തുന്നതിനുമായി Constituency Monitoring Team – ന് രൂപം നൽകിയിട്ടുണ്ട്. 01.01.2022 തീയതിയിലെ സ.ഉ(സാധാ)നം. 8/2022/പൊ.മ.വ പ്രകാരം Constituency Monitoring Team- ന്റെ ഘടനയും ചുമതലകളും നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം 140 നിയമസഭാ മണ്ഡലങ്ങളിലേയും നിലവിലുള്ള റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, റസ്റ്റ് ഹൗസുകൾ എന്നിവയും നിർമ്മാണ സ്ഥലങ്ങളും പരിശോധിച്ച് പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും പ്രവർത്തന പുരോഗതിയിലുണ്ടാകുന്ന തടസ്സങ്ങൾ ദൂരീകരിക്കുന്നതിനും വിവിധ വിഭാഗങ്ങളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഉൾപ്പെടുന്ന ടീം രൂപീകരിച്ചിട്ടുണ്ട്. ഓരോ നിയമസഭാ മണ്ഡലത്തിന്റേയും ചുമതല ഈ ടീമിലെ ഒരു നോഡൽ ഓഫീസർക്കായിരിക്കും. കൂടാതെ ഈ ടീമിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി State Level Nodal Officer-മാരായി രണ്ട് ചീഫ് എഞ്ചിനീയർമാരേയും ചീഫ് നോഡൽ ഓഫീസർ ആയി ഒരു ചീഫ് എഞ്ചിനീയറേയും നിശ്ചയിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ നിയോജക |

| | | | |
|---|---|---|---|
| | | | മണ്ഡലാടിസ്ഥാനത്തിലുള്ള ഏകോപനം, വിലയിരുത്തൽ, റിവ്യൂ മീറ്റിംഗുകൾ, തടസ്സങ്ങൾ ദൂരീകരിക്കൽ, പുരോഗതി റിപ്പോർട്ട് തയ്യാറാക്കലും സമർപ്പണവും തുടങ്ങിയ വിവിധ ചുമതലകൾ ആണ് ഈ ടീം വഴി നടപ്പിലാക്കുന്നത്. |
| (ബി) | സ്റ്റേറ്റ് ഹൈവേയുടെ അധീനതയിൽ ഉണ്ടായിരുന്ന ഭൂരിഭാഗം റോഡുകളും ദേശീയപാതാ അതോറിറ്റി ഏറ്റെടുത്തതിനെ തുടർന്ന് ദേശീയപാത വിഭാഗത്തിൽ ജോലിഭാരം തീരെ കുറവായ സാഹചര്യത്തിൽ പ്രസ്തുത വിഭാഗത്തിലെ ഉദ്യോഗസ്ഥരെ പൊതുമരാമത്ത് വകുപ്പിൽ പുനർവിന്യസിപ്പിച്ച് വകുപ്പിനെ കൂടുതൽ കാര്യക്ഷമവും പ്രവർത്തന സജ്ജവുമാക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) | ദേശീയപാത വിഭാഗത്തിലെ 3/4 ഭാഗം റോഡുകളും ദേശീയപാത അതോറിറ്റി ഏറ്റെടുത്തതിനെ തുടർന്ന് സംസ്ഥാന ദേശീയപാത വിഭാഗത്തിന് ജോലിഭാരം കുറവായതിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗത്തിലെ വിവിധ തസ്തികകൾ (ടെക്നിക്കൽ/ നോൺ ടെക്നിക്കൽ) വകുപ്പിലെ മറ്റ് വിഭാഗങ്ങളിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസലിൽ നോൺ ഗസറ്റഡ് ടെക്നിക്കൽ തസ്തികകളായ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ (ആകെ - 39) സെക്കന്റ് ഗ്രേഡ് ഗ്രേഡ് ഓവർസിയർ (ആകെ - 52) തേർഡ് ഗ്രേഡ് ഓവർസിയർ (ആകെ - 41) എന്നീ തസ്തികകൾ പൊതുമരാമത്ത് വകുപ്പിലെ വിവിധ വിഭാഗങ്ങളിലേക്ക് ഷിഫ്റ്റ് ചെയ്ത് 23.02.2022 ലെ സ.ഉ(സാധാ) നം. 197/2022/പൊമവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുള്ള ദേശീയപാത വിഭാഗത്തിലെ മറ്റ് ടെക്നിക്കൽ/നോൺ ടെക്നിക്കൽ തസ്തികകൾ പൊതുമരാമത്ത് വകുപ്പിലെ വിവിധ വിഭാഗങ്ങളിലേക്ക് ഷിഫ്റ്റ് ചെയ്യുന്നത് സംബന്ധിച്ച നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ റോഡ്സ്, ബിൽഡിംഗ്സ്, ബ്രിഡ്ജസ് വിഭാഗങ്ങളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് നാഷണൽ ഹൈവേ വിഭാഗത്തിൽ നിന്നുമുള്ള എഞ്ചിനയീർമാരെ മാറ്റി നിയമിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ